പമ്പ്ഹൗസിൽനിന്നും കൂടുതലായി ജലം പമ്പ്ചെയ്ത് നിലവിലുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് വിതരണശൃംഖലയെ പ്രത്യേകമാക്കി ശുദ്ധജലവിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തികൾ ശുദ്ധജല വിതരണം കൂടുതൽ കാര്യക്ഷമമാക്കും.

മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

67 [2538] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എൽ. ഐ. സി. സ്കീം മുഖേന ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മേജർ ഇറിഗേഷന്റെ കീഴിൽ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ പണികളൊന്നും നടക്കുന്നില്ല.

(ബി) മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കാറൽമണ്ണ എൽ. ഐ. സി. സ്കീമിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

(സി) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ എൽ. ഐ. സി. സഹായത്തോടെ 6 ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കരിമ്പുഴ I & II വില്ലേജുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി.
2. ശ്രീകൃഷ്ണപുരം I & II വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.
3. വെള്ളിനേഴി ശുദ്ധജല വിതരണ പദ്ധതി.
4. പൂക്കോട്ട്കാവ് ശുദ്ധജല വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

5. കാരാകുറിശ്ശി, തച്ചമ്പാറ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.
6. കടമ്പഴിപ്പുറം I & II വില്ലേജുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

ഈ പദ്ധതികളുടെ സാമ്പത്തിക പുരോഗതി, എൽ. ഐ. സി. വായ്പ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധം 'എ'†-യിലും പദ്ധതികളുടെ ഭൗതിക അവസ്ഥ അനുബന്ധം 'ബി'† യിലും നിർമ്മാണ പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം 'സി'† യിലും ചേർത്തിട്ടുണ്ട്.

ആറാട്ടുപുഴ-ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ

68 [2539] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ആറൻമുള പഞ്ചായത്തിൽ ആറാട്ടുപുഴ-ഐക്കാട് II ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ 100 മീറ്റർ ഭാഗം 15-12-04-ൽ ആരാണ് ഇടിച്ച് നിരത്തിയത്;

(ബി) ഇത് സംബന്ധിച്ച് മൈനർ ഇറിഗേഷൻ ആറൻമുള സബ്ഡിവിഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) മുഖ്യമന്ത്രിക്കും വകുപ്പു മന്ത്രിക്കും ഇത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഇടിച്ചു നിരത്തിയ ഇറിഗേഷൻ കനാൽ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കെ. സി. ഈപ്പൻ കുളഞ്ഞിക്കൊമ്പിൽ, ആറാട്ടുപുഴ എന്നയാളാണ് ഐക്കാട് II എൽ. ഐ. പദ്ധതിയുടെ കനാലിന്റെ ഭാഗം ഇടിച്ചു നിരത്തിയത്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) 1-3-2005-ൽ വകുപ്പുമന്ത്രിക്ക് ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇടിച്ചു നിരത്തിയ കനാൽ ഭാഗം, ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന പ്രകാരം പുനഃസ്ഥാപിക്കണമെന്നും അല്ലാത്ത പക്ഷം നിയമനടപടി സ്വീകരിക്കുമെന്നും കാണിച്ച് ശ്രീ. കെ. സി. ഈപ്പന് ചീഫ് എഞ്ചിനീയർ രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ട്. ആറൻമുള പോലീസ് സ്റ്റേഷനിൽ ഇത് സംബന്ധിച്ച പരാതി നിലവിലുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly